പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.305 — 28.11.2018 ൽ മറുപടിക്ക്

## കന്യാകുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കന്യാകുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന വ്യക്തമാക്കുമോ; | (എ) & (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എൻ.എച്ച്.എം. വഴി 2016-2017 ൽ 48,500/- രൂപയും 2017-18 ൽ 8,10,000/- രൂപയും 2018-19 ൽ 3,40,170/- രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ ആശുപത്രിയ്ക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. കൂടാതെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്റ്റാഫ് ക്വാർട്ടേഴ്സ് മെയിന്റനൻസിനായി 11,70,000/- രൂപ അനുവദിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ (സെക്കൻഡറി) വാർഡ് ക്രമീകരിക്കുകയും, പ്ലാൻ ഫണ്ടിൽ നിന്ന് 30,000/- രൂപ വിനിയോഗിച്ച് രോഗികൾക്ക് കൂടുതൽ സൗകര്യപ്രദമാംവിധം ആറ് അധിക കിടക്കകൾ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ എൻ.എച്ച്.എം.ന്റെ നേതൃത്വത്തിൽ മാസത്തിൽ രണ്ട് ദിവസം MIU (Mobile Intervention Unit), തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ ഫിസിയോതെറാപ്പി ഒ.പി. എന്നിവ ഈ സ്ഥാപനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കന്യാകുളങ്ങര സി.എച്ച്.സി.യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുക അനുവദിച്ചു എന്നത് വിശദമാക്കുമോ; | | |
| (ബി) | പൊതുമരാമത്ത് വകുപ്പ് പൊളിച്ചു മാറ്റാൻ നിർദ്ദേശം നൽകിയതും ഉപയോഗയോഗ്യമല്ലാത്തതുമായ 5 കെട്ടിടങ്ങളിൽ ഒന്നിലാണ് ഒ.പി.യും ലാബും പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | നാഷണൽ ഹെൽത്ത് മിഷന്റേയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | ഇതു സംബന്ധിച്ച് നാളിതുവരെ യാതൊരു പ്രപ്പോസലും സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ